**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 352** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഓൺലൈൻ തട്ടിപ്പ് തടയാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സനീഷ്‌കുമാർ ജോസഫ്

ശ്രീ. രമേഷ് പിഷാരടി

ശ്രീ. സുമേഷ് അച്യുതൻ

ശ്രീ. രാജൻ. ജെ. പല്ലൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഓൺലൈൻ തട്ടിപ്പിന് ഇരയാകുന്നവരെ സഹായിക്കുന്നതിനായി ഏതെങ്കിലും കർമ്മ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, പ്രത്യേകിച്ച് വ്യാജ ഓൺലൈൻ ലോൺ തട്ടിപ്പുകൾ, തടയുന്നതിനും തട്ടിപ്പിനിരയാകുന്നവരെ സഹായിക്കുന്നതിനുമായി കേരളാ പോലീസ് സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ദേശീയ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിന്റെ (National Cyber crime Reporting Portal) ടോൾ ഫ്രീ ഹെൽപ് ലൈൻ നമ്പർ 1930 കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഓൺലൈൻ തട്ടിപ്പിലൂടെ പണം നഷ്ടപ്പെടുന്നവർക്ക് ഈ നമ്പരിൽ വിളിച്ച് പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. www.cybercrime.gov.in എന്ന ദേശിയ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ മുഖേനയും പൊതു ജനങ്ങൾക്ക് നേരിട്ട് പരാതികൾ സമർപ്പിക്കാവുന്നതാണ്, കൂടാതെ 9497980900 എന്ന വാട്ട്സ് ആപ്പ് നമ്പരിലേക്ക് സന്ദേശം അയച്ചും ഇത്തരം തട്ടിപ്പുകളെക്കുറിച്ചുള്ള വിവരങ്ങളും പരാതികളും അറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ദേശീയ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത ശേഷം പരാതിക്കാരന്റെ സമീപത്തെ പോലീസ് സ്റ്റേഷനിലേക്ക് തുടർ അന്വേഷണത്തിനും നിയമനടപടികൾക്കുമായി കൈമാറി വരുന്നു.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI) അംഗീകരിച്ച നോൺ-ബാങ്കിംഗ് ഫിനാൽഷ്യൽ കമ്പനികളുടെ (NBFC) കീഴിൽ പ്രവർത്തിക്കാത്ത വ്യാജ ഇൻസ്റ്റന്റ് ലോൺ ആപ്പുകൾ കണ്ടെത്തി അവയുടെ പ്രവർത്തനം തടയുന്നതിനും ഇന്റർനെറ്റ് ആക്സസ് ബ്ലോക്ക് ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. സൈബർ തട്ടിപ്പുകളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനായി ദൃശ്യ- ശ്രവ്യ മാധ്യമങ്ങൾ, നവമാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങളും കേരളാ പോലീസ് നടത്തി വരുന്നു.

**(ബി)** പ്രായമായവരും സ്ത്രീകളും ഓൺലൈൻ തട്ടിപ്പിന് ഇരകളാകാതിരിക്കുന്നതിനായി ബോധവൽക്കരണം ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സൈബർ കുറ്റകൃത്യങ്ങൾ നടത്തുന്നവർ പ്രധാനമായും പ്രായമായ വരെയും സ്ത്രീകളെയും കുട്ടികളെയും ലക്ഷ്യമിടുന്ന സാഹചര്യത്തിൽ, സൈബർ സ്പേസിൽ സുരക്ഷിതമായി ഇടപെടുന്നതിനുള്ള അറിവും ജാഗ്രതയും പൊതുജനങ്ങൾക്ക് നൽകുന്നതിനായി കേരളാ പോലീസ് സൈബർ ഡിവിഷന്റെ നേതൃത്വത്തിൽ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. സ്കൂളുകൾ, കോളേജുകൾ, ബാങ്കുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ സർക്കാർ-സ്വകാര്യ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ വേദികളിൽ സൈബർ സുരക്ഷ, ഓൺലൈൻ തട്ടിപ്പുകൾ തിരിച്ചറിയൽ, വ്യക്തിഗത വിവരങ്ങളുടെ സംരക്ഷണം, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ സുരക്ഷിത ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകളും പരിശീലന പരിപാടികളും സംഘടിപ്പിച്ച് വരുന്നു.

കൂടാതെ കേരളാ പോലീസിന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ ഹാൻഡിലുകൾ മുഖേന വിവിധ തരത്തിലുള്ള ബോധവത്കരണ പോസ്റ്റുകൾ, ഹ്രസ്വവീഡിയോകൾ, ഇൻഫോഗ്രാഫിക്സ്, മുന്നറിയിപ്പ് സന്ദേശങ്ങൾ എന്നിവ പ്രസിദ്ധീകരിച്ച് പൊതുജനങ്ങളിൽ സൈബർ സുരക്ഷാ അവബോധം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും തുടർച്ചയായി നടത്തിവരുന്നു. ഏതെങ്കിലും തരത്തിലുള്ള ഓൺലൈൻ തട്ടിപ്പിനോ സൈബർ കുറ്റകൃത്യത്തിനോ ഇരയാകുന്ന സാഹചര്യത്തിൽ, പണം നഷ്ടപ്പെടുന്നത് തടയുന്നതിനും കുറ്റവാളികളെ വേഗത്തിൽ കണ്ടെത്തുന്നതിനുമായി സംഭവവിവരം കാലതാമസം കൂടാതെ ദേശീയ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ (NCRP) റിപ്പോർട്ട് ചെയ്യേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും പൊതു ജനങ്ങൾക്ക് നിരന്തരം നിർദ്ദേശങ്ങളും മാർഗനിർദ്ദേശങ്ങളും നൽകി വരുന്നു.

**(സി)** വിദേശ<u>ത്തു</u> നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നിയന്ത്രിക്കുന്ന ഇത്തരം ക്രിമിനൽ ശൃംഖലകളെ ഇല്ലാതാക്കുവാൻ സംയോജിത നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** വിദേശ രാജ്യങ്ങളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പ്രവർത്തിക്കുന്ന സൈബർ തട്ടിപ്പുകാരെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും, തട്ടിപ്പിലൂടെ സമ്പാദിക്കുന്ന പണം സ്വീകരിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനായി ഉപയോഗിക്കുന്ന Mule Accounts നിയന്ത്രിക്കുന്ന വ്യക്തികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുന്നതിനുമായി കേരളാ പോലീസ് സൈബർ ഡിവിഷന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി "CY-HUNT Operation" എന്ന പ്രത്യേക നടപടി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം, സൈബർ തട്ടിപ്പിലൂടെ നഷ്ടപ്പെടുന്ന പണം വീണ്ടെടുക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി തട്ടിപ്പിലൂടെ ലഭിച്ച പണം ചെക്കുകൾ, എ.ടി.എം കാർഡുകൾ, ബാങ്ക് അക്കൗണ്ടുകൾ തുടങ്ങിയ മാർഗങ്ങളിലൂടെ പിൻവലിക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യുന്ന ഇടനിലക്കാരെയും അനുബന്ധ കുറ്റവാളികളെയും കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനായി പ്രത്യേക ഡ്രൈവുകളും സംസ്ഥാനത്തുടനീളം സംഘടിപ്പിച്ച് വരുന്നു. കൂടാതെ, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന അന്തർ സംസ്ഥാന സഹകരണ സംവിധാനങ്ങളുടെയും സമന്വയ പോർട്ടലിന്റെയും സഹായത്തോടെ വിവിധ സംസ്ഥാനങ്ങളിലെ നിയമ നിർവഹണ ഏജൻസികളുമായി ഏകോപനം ശക്തിപ്പെടുത്തി സൈബർ കുറ്റകൃത്യ ശൃംഖലകളെ കണ്ടെത്തി തകർക്കുന്നതിനും സംഘടിത സൈബർ കുറ്റവാളികൾക്കെതിരെ ഫലപ്രദമായ നിയമനടപടികൾ സ്വീകരിക്കുന്നതിനുമായി കേരളാ പോലീസ് തുടർച്ചയായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**